'ഭരണഭാഷ – മാതൃഭാഷ'

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
സി2– 15471/18 തിരുവനന്തപുരം, തീയതി : 08.11.2018

## സർക്കുലർ

വിഷയം: പഞ്ചായത്ത് വകുപ്പ് – ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള പുറമ്പോക്ക് സ്ഥലങ്ങളുടെയും ആസ്തികളുടെയും സംരക്ഷണവും പൊതുസുരക്ഷയും – മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 169, 218, 279, 242
2. 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ
3. 1996 ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ
4. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ
5. 1960 ലെ കേരള ഭൂമി പതിവ് നിയമവും 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളും
6. 1957 ലെ ഭൂസംരക്ഷണ നിയമവും 1958 ലെ ചട്ടങ്ങളും 2009 ലെ ഭേദഗതി ചട്ടങ്ങളും
7. 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമവും 1963 ലെ ചട്ടങ്ങളും
8. 1967 ലെ കേരള ഭൂ വിനിയോഗ ഉത്തരവ്
9. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും
10. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ
11. സർക്കുലർ നം. 22034/സി1/എൽ.എ.ഡി/തീയതി 06.03.1995
12. സർക്കുലർ നം. 58577/സി1/95/തഭവ തീയതി 06.01.1996
13. സർക്കുലർ നം. 15018/സി1/97/തഭവ തീയതി 16.04.1997
14. സർക്കുലർ നം. 14989/ബി2/97/തഭവ തീയതി 04.03.1998
15. സർക്കുലർ നം. 29862/ഡി8/98/തസ്വഭവ തീയതി 08.10.1998
16. സർക്കുലർ നം. 31259/പി2/99/തസ്വഭവ തീയതി 03.11.1999

17. സർക്കുലർ നം. 71734/പി1/2004/റവന്യൂ തീയതി 01.02.2005
18. സർക്കുലർ നം. 20332/ആർ.സി3/2011/തസ്വഭവ തീയതി 13.07.2011
19. സർക്കുലർ നം. 55178/എഫ്.എം3/08/തസ്വഭവ തീയതി 24.08.2008
20. സർക്കുലർ നം. 46951/ഡിബി2/08/തസ്വഭവ തീയതി 17.09.2008
21. സർക്കുലർ നം. 41630/ആർ.സി4/14/തസ്വഭവ തീയതി 25.09.2014
22. ഈ ഓഫീസിലെ 16.05.2018 ലെ സി1-15471/2018 നമ്പർ സർക്കുലർ
23. സർക്കുലർ നം. ഡി.ബി1/521/2018/തസ്വഭവ തീയതി 30.08.2018
24. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.09.2018 ലെ യോഗത്തിലെ 3.3-ാം നമ്പർ തീരുമാനം.
25. സർക്കാരിന്റെ 24.10.2018 ലെ ആർ.സി4/227/2018/തസ്വഭവ നമ്പർ കത്ത്.

*******

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ എല്ലാ പൊതു ജല മാർഗ്ഗങ്ങളും നദികളുടെ തടങ്ങളും തീരങ്ങളും ചെറു പുഴകളും ജലമാർഗ്ഗങ്ങളും കെട്ടി നിൽക്കുന്നതും ഒഴുകി പോകുന്നതുമായ എല്ലാ നീരുറവകളും ജല സംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത ഏതെങ്കിലും ഭൂമിയും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമാണ്. എന്നാൽ പുഴകളും തോടുകളും കനാലുകളും കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂലം ജലാശയങ്ങളുടെ സ്വാഭാവികമായ വീതി കുറയുകയും മാലിന്യങ്ങളും മറ്റും അടിഞ്ഞ് അവയുടെ ഒഴുക്ക് തടസ്സപ്പെടുകയും ചെയ്തിട്ടുണ്ട്. പുഴകളുടേയും തോടുകളുടേയും കനാലുകളുടേയും തീരങ്ങൾ കൈയ്യേറിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും കൃഷി ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങളുമാണ് 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിന്റെ ഫലമായുണ്ടായ നാശനഷ്ടങ്ങളുടെ വ്യാപ്തി വർദ്ധിക്കുവാൻ കാരണമായിട്ടുള്ളത്. വെള്ളപ്പൊക്കത്തെ തുടർന്ന് ഒട്ടു മിക്ക പുഴകളിലെയും തോടുകളിലേയും കൈയ്യേറ്റങ്ങൾ ഒഴിവായിട്ടുണ്ടെങ്കിലും ആയത് വീണ്ടും കൈയ്യേറി കൃഷി ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതായും ഇതിനെതിരെ ഗ്രാമ പഞ്ചായത്തുകൾ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ലെന്നും സംസ്ഥാന സർക്കാരിൽ നിന്നും കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിക്കുന്നതായും ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലും സംരക്ഷിക്കേണ്ട പുറമ്പോക്ക് സ്ഥലങ്ങൾ കൈയ്യേറുന്നതിനെതിരെ നടപടികൾ സ്വീകരിക്കുന്നില്ലെന്നും ആസ്തി സംബന്ധമായ വിവരങ്ങൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലും കാലാകാലങ്ങളിൽ ആസ്തി രജിസ്റ്റർ പുതുക്കി സൂക്ഷിക്കുന്നതിലും ഗ്രാമ പഞ്ചായത്തുകൾ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ലെന്നുമുള്ള കാര്യങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറി കിട്ടിയവ ഉൾപ്പെടെയുള്ള ആസ്തികൾ സംരക്ഷിക്കുന്നതിനും ഭൂമി കൈയ്യേറ്റം തടയുന്നതിനും താഴെപ്പറയുന്ന വകുപ്പ് തല മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 1994 ലെ കേരള പഞ്ചായത്ത് നിയമം വകുപ്പ് 169 പ്രകാരം 1957 ലെ കേരള ഭൂസംരക്ഷണ നിയമത്തിലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാർ ദേശീയ പാതയോ സംസ്ഥാന പാതയോ മേജർ ജില്ലാ റോഡോ ആയി തരംതിരിച്ചിട്ടുള്ള റോഡുകൾ ഒഴികെ ഒരു പഞ്ചായത്തിന്റെ പ്രദേശത്തിനുള്ളിലുള്ള എല്ലാ റോഡുകളും പൊതുവഴികളും, പാലങ്ങളും കലുങ്കുകളും കിടങ്ങുകളും അണകളും അവയുടെ മുകളിലോ വശങ്ങളിലോ ഉള്ള വേലികളും സംരക്ഷണ സംവിധാനവും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ സ്വത്തല്ലാത്ത എല്ലാ സ്ഥാവര ജംഗമ സ്വത്തുകളും വകുപ്പ് 218 പ്രകാരം എല്ലാ പൊതുജല സ്രോതസ്സുകളും, അവയോട് ചേർന്നുള്ള സ്വകാര്യ വസ്തു അല്ലാത്ത ഭൂമിയും വകുപ്പ് 279 പ്രകാരം കന്നുകാലി മേച്ചിൽ സ്ഥലം, ശ്മശാനം, വണ്ടിത്താവളം എന്നിവയും പൂർണ്ണമായും ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപിതമായിട്ടുള്ള മേൽ പൊതുസ്ഥലങ്ങൾ സർക്കാർ അനുമതി കൂടാതെ കൈയ്യൊഴിയുന്നതിനോ വിൽക്കുന്നതിനോ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമില്ലാത്തതും ആയതിനാൽ തന്നെ ഇത്തരം സ്ഥലങ്ങൾ അന്യാധീനപ്പെടുത്താൻ പാടില്ലാത്തത് ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും കൈമാറിക്കിട്ടിയവ ഉൾപ്പെടെ തങ്ങളുടെ അധീനതയിലുള്ള ആസ്തികൾ അടിയന്തിരമായി തിട്ടപ്പെടുത്തണം. വെള്ളപ്പൊക്കത്തെ തുടർന്ന് ഒട്ടുമിക്ക പുഴകളിലേയും തോടുകളിലേയും കൈയ്യേറ്റങ്ങൾ ഇപ്പോൾ ഒഴിവായിട്ടുണ്ട്. ഇത് വീണ്ടും കൈയ്യേറുന്നത് തടയുന്നതിനായി ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള പുഴകൾ, കനാലുകൾ, തോടുകൾ തുടങ്ങിയവയുടെ അതിർത്തി അടിയന്തിരമായി റീസർവ്വേ നടത്തി കല്ലിട്ട് വേർതിരിക്കേണ്ടതും സംരക്ഷണ വേലി കെട്ടി ഉടമസ്ഥാവകാശം കാണിക്കുന്ന പരസ്യ ബോർഡ് പ്രദർശിപ്പിക്കേണ്ടതും ഇത്തരത്തിൽ വേർതിരിച്ച സ്ഥലങ്ങളിൽ വീണ്ടും കയ്യേറ്റമുണ്ടാകുന്നില്ലെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ കൂടെക്കൂടെ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്. പുറമ്പോക്ക് സ്ഥലങ്ങൾ പുഴകൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവയുടെ യഥാർത്ഥ സ്ഥാനവും വിസ്തീർണ്ണവും നിർണ്ണയിക്കുന്നതിന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 242 പ്രകാരവും സൂചന (3) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെയും വില്ലേജ് ഓഫീസർമാരുടേയും സഹായം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് തേടാവുന്നതാണ്. മേൽ പ്രവർത്തി എല്ലാ ഗ്രാമ പഞ്ചായത്തുകളും31.12.2018 നകം പൂർത്തീകരിക്കേണ്ടതും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ആസ്തി രജിസ്റ്ററിൽ വരുത്തി പൂർത്തീകരണ സാക്ഷ്യപത്രം 10.01.2019 നകം ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിയ്ക്കേണ്ടതും ജില്ലാ തല പൂർത്തീകരണ സാക്ഷ്യപത്രം 15.01.2019 നകം എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. ഈ വിഷയം വളരെ ഗൗരവപൂർവ്വം കണ്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സത്വര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള പൊതു സ്ഥലങ്ങൾ പ്രളയം പ്രകൃതിക്ഷോഭങ്ങൾ എന്നിവ മൂലം കൈയ്യേറ്റം ഒഴിവായ സ്ഥലങ്ങൾ, പുഴകൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ എന്നിടങ്ങളിൽ വീണ്ടും കയ്യേറ്റം ഉണ്ടാകാതിരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ഫലപ്രദവും സമയ ബന്ധിതവുമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരും പഞ്ചായത്ത്

ഡെപ്യൂട്ടി ഡയറക്ടർമാരും പരിശോധന നടത്തി ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് വീഴ്ച വരുത്തുന്നവർ ക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

2. സംസ്ഥാന സർക്കാരിൽ നിന്ന് കൈമാറ്റം ചെയ്ത് കിട്ടിയവ ഉൾപ്പെടെ ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലുള്ള ആസ്തികൾ അന്യാധീനപ്പെടുത്താനോ, കടപ്പെടുത്താനോ ബാദ്ധ്യതപ്പെടുത്താനോ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 218 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ള തോട്, പുഴ പുറമ്പോക്കുകൾ പതിച്ച് നൽകുന്നത് നിയമവിരുദ്ധമാണ്. തോട് പുഴ പുറമ്പോക്കുകൾ കൈയ്യേറുന്നത് മൂലം വർഷകാലങ്ങളിൽ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുകയും ആയത് പ്രളയത്തിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ തോട് പുഴ പുറമ്പോക്ക് ഉൾപ്പെടെയുള്ള എല്ലാ കൈയ്യേറ്റ ഭൂമിയും അളന്ന് തിട്ടപ്പെടുത്തി സൂചന (2) പ്രകാരമുള്ള 1996 ലെ കേരള പഞ്ചായത്ത് രാജ് (കൈയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും, ഈടാക്കലും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഒഴിപ്പിക്കൽ നടപടി സ്വീകരിക്കാൻ എല്ലാ ഗ്രാമ പഞ്ചായത്തുകളും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. ഗ്രാമ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഘടക സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്കായതിനാൽ കൈമാറിക്കിട്ടിയവ ഉൾപ്പെടെ തങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഗ്രാമ പഞ്ചായത്തുകൾ ഉറപ്പ് വരുത്തേണ്ടതും ആസ്തി രജിസ്റ്ററുകളിൽ പൊതുവായി കണ്ടുവരുന്ന താഴെപ്പറയുന്ന ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

(എ) കെട്ടിടങ്ങളുടെ വിസ്തീർണ്ണം ചതുരശ്ര മീറ്ററിലാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തണം

(ബി) കെട്ടിടങ്ങളുടെ നിർമ്മാണ വർഷം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം

(സി) റോഡുകളുടെ നീളം മീറ്ററിലാണോ കിലോ മീറ്ററിലാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തണം

(ഡി) റോഡിന്റെ തരം (മൺറോഡ്, കോൺക്രീറ്റ്, മെറ്റൽ, ടാർ) ഏതെന്ന് വ്യക്തമായി രേഖപ്പെടുത്തണം.

പ്രധാനപ്പെട്ട ചില ന്യൂനതകൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. എല്ലാ ഗ്രാമ പഞ്ചായത്തുകളും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കൃത്യവും പൂർണ്ണവും ആണോയെന്ന് പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ തിരുത്തൽ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ സ്ഥലപരിശോധന നടത്തി ആസ്തികൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്/വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും

എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറുമായി ജന പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിൽ ഒരു പ്രാവശ്യം യോഗം ചേർന്ന് ആസ്തികൾ സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിലവിലെ ആസ്തി രജിസ്റ്റർ സൂചന (18) സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് കാലികമാക്കുന്ന പ്രവർത്തി 31.12.2018 നകം എല്ലാ ഗ്രാമ പഞ്ചായത്തുകളും വീഴ്ച കൂടാതെ പൂർത്തീകരിക്കേണ്ടതാണ്.

4. സൂചന (4) പ്രകാരമുള്ള കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടി ഗ്രാമ പഞ്ചായത്തുകൾക്ക് വസ്തു ആർജ്ജിക്കാവുന്നതാണ്. എന്നാൽ ആവശ്യമായ പൊതുസ്ഥലം ഗ്രാമ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള പക്ഷം ആയത് പ്രയോജനപ്പെടുത്താതെ പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനം നൽകുന്നതിനോ വേണ്ടിയുള്ള വസ്തു ആർജ്ജിക്കുന്നതിന് പൊതു ഫണ്ട് വകയിരുത്തി പദ്ധതിയിൽ ഏറ്റെടുക്കുന്നതും പൊതു സ്ഥലം കൈയ്യൊഴിഞ്ഞ് പകരം സ്വകാര്യ സ്ഥലം ആർജ്ജിക്കുന്നതിനുള്ള അനുമതിക്കായി പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതും ഗ്രാമ പഞ്ചായത്തുകൾ ഒഴിവാക്കേണ്ടതാണ്.

5. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169, 218 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഭൂമിയിലെ അനധികൃത കയ്യേറ്റം, 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം ഒഴിപ്പിക്കുന്ന പൂർണ്ണ ചുമതല ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ഭൂമിയുടെ സംരക്ഷണത്തിന് നിലവിലുള്ള നിയമങ്ങളോടൊപ്പം 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരംകൂടി ഗ്രാമ പഞ്ചായത്തുകൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. ആയതിലേയ്ക്ക് എസ്.ആർ.ഒ. നം. 204/2016, ജി.ഒ(പി) നം. 191/2016/ആർ.ഡി/തീയതി 01.03.2016 പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും 1957 ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ജില്ലാ കളക്ടറുടെ അധികാരങ്ങൾ നല്കിയിട്ടുണ്ട്. പ്രസ്തുത അധികാരം വിനിയോഗിച്ച് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ അടിയന്തിരമായി ഒഴിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കുന്ന ഒഴിപ്പിക്കൽ നടപടികൾക്കെതിരെ എതിർകക്ഷികൾ ബഹു. കോടതികളിൽ ഹർജി ബോധിപ്പിക്കുന്ന സംഗതികളിൽ ഒഴിപ്പിക്കൽ നടപടിക്കെതിരെ ബഹു. കോടതികളുടെ സ്റ്റേ/നിരോധന ഉത്തരവുകൾ നിലവിലില്ലെങ്കിൽ ഗ്രാമ പഞ്ചായത്തുകൾ ഒഴിപ്പിക്കൽ നടപടി തുടരേണ്ടതാണ്.

6. സൂചന (5) പ്രകാരമുള്ള 1960 ലെ കേരള ഭൂമി പതിവ് നിയമവും 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളും , 1957 ലെ ഭൂസംരക്ഷണ നിയമവും 1958 ലെ ഭൂ സംരക്ഷണ ചട്ടങ്ങളും 2009 ലെ

ഭേദഗതി ചട്ടങ്ങളും പ്രകാരം വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സർക്കാർ പതിച്ചു നൽകുന്ന ഭൂമിയിലെ രാജകീയ വൃക്ഷങ്ങളും ഭൂമിയിലുള്ള ധാതുക്കളും, ചെറുധാതുക്കളും, ഖനികളും പൊതു സ്വത്തായി പൂർണ്ണമായും സർക്കാരിൽ തന്നെ നിക്ഷിപ്തമായതിനാൽ ഇവ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

7. സൂചന (7) പ്രകാരമുള്ള 1958 ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമവും 1963 ലെ ചട്ടങ്ങളും പ്രകാരം പഞ്ചായത്തുകളുടെ പൊതു ആവശ്യത്തിനായി സ്വകാര്യ വ്യക്തികൾ സൗജന്യമായി ഭൂമി വിട്ടുതരുമ്പോൾ ആയത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് അയച്ച് നൽകി കൗണ്ടർ സൈൻ വാങ്ങിയശേഷം തുടർ നടപടികൾക്കായി പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് അയച്ചു നൽകേണ്ടതാണ്. കേരള ഭൂമി വിട്ടൊഴിയൽ ആക്റ്റ് പ്രകാരം നടപടി സ്വീകരിച്ച് ഭൂമി വെച്ചൊഴിയൽ സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ നടപടി ക്രമം ഇറക്കിയതിനുശേഷം മാത്രമേ നിയമാനുസരണം പ്രസ്തുത ഭൂമി പഞ്ചായത്തിന്റെ അധീനതയിൽ വരുന്നുള്ളൂ. വ്യക്തികളും സ്ഥാപനങ്ങളും ഗ്രാമ പഞ്ചായത്തുകൾക്ക് സറണ്ടർ ചെയ്ത് നൽകുന്ന ഭൂമി സംബന്ധിച്ച് മേൽ നടപടി ക്രമം എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതും പ്രസ്തുത നടപടിക്രമം പൂർത്തിയായതിന് ശേഷം മാത്രമേ സറണ്ടർ ചെയ്ത് ലഭിക്കുന്ന ഭൂമിയിൽ പൊതുഫണ്ട് ഉപയോഗിച്ചുള്ള വികസന നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടുള്ളൂ. മേൽ നടപടിക്രമം പാലിക്കാത്തതിലൂടെ സറണ്ടർ ചെയ്ത് ലഭിക്കുന്ന ഭൂമി സംബന്ധിച്ച് ഭാവിയിൽ ഉണ്ടാകുന്ന നിയമ തടസ്സങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

8. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തിയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ കർശനമായി നിയന്ത്രിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സൂചന (8), (9), (10) പ്രകാരമുള്ള 1967 ലെ ഭൂവിനിയോഗ ഉത്തരവിലെയും 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലേയും ചട്ടങ്ങളിലേയും 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

9. ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട സർക്കാർ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള വസ്തുവകകൾ അതാതു ഗ്രാമ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണെങ്കിലും അവയുടെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. അവ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കടപ്പെടുത്തുവാനോ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരമില്ല. കൈമാറ്റം ചെയ്ത ഒരു സർക്കാർ സ്ഥാപനത്തിനോടനുബന്ധിച്ചുള്ള വസ്തുവകകൾ ആ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കുമാത്രം ഉപയോഗപ്പെടുത്തേണ്ടതാണെന്നും മറ്റ് യാതൊരു സംരംഭത്തിനും അവ ഉപയോഗപ്പെടുത്തിക്കൂടാ എന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശം എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

10. ഗ്രാമ പഞ്ചായത്തുകളുടെ സ്വന്തം ആസ്തിയിൽപ്പെട്ടതോ ഘടകസ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ടതോ ആയതും നിലവിൽ യാതൊരു ആവശ്യത്തിനും ഉപയോഗിക്കാതെ കിടക്കുന്നതുമായ കെട്ടിടങ്ങൾ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി പൊതു ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിക്കേണ്ടതാണ്.

11. ഗ്രാമ പഞ്ചായത്തുകളുടെയോ, ഘടക സ്ഥാപനങ്ങളുടെയോ ആസ്തിയിൽ ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങൾ കാലപ്പഴക്കം കാരണം പൊളിച്ചുമാറ്റേണ്ടി വരുമ്പോൾ താഴെപ്പറയുന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

(എ) കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുമ്പായി പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും ആയതിനുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും വേണം

(ബി) പൊളിച്ചു മാറ്റപ്പെടേണ്ട കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ സാങ്കേതിക പരിശോധനാ വിഭാഗം പരിശോധിച്ച് ആയതിന്റെ സുരക്ഷിതത്വം, അപകടാവസ്ഥ മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ വിലയിരുത്തിയശേഷം അതു പൊളിച്ചു മാറ്റേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയതിനുശേഷം മാത്രം നടപടി ക്രമങ്ങൾ പാലിച്ച് അനുമതി നൽകേണ്ടതാണ്.

(സി) പൊളിച്ചുമാറ്റുന്ന കെട്ടിടം ഘടക സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ വിവരം ഒരു മാസം മുമ്പ് ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

(ഡി) ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് മുമ്പ് പുരാവസ്തു വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കേണ്ടതാണ്.

(ഇ) പൊളിച്ചുമാറ്റുന്നതിന് പകരമായി പണിയുന്ന/പുതുക്കി പണിയുന്ന കെട്ടിടം പഴയ കെട്ടിടത്തേക്കാൾ ചെറുതായിരിക്കുവാനോ പഴയ കെട്ടിടം നിലനിന്നിരുന്ന സ്ഥലം മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുവാനോ പാടില്ല.

(എഫ്) പഴയ കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ ലഭിക്കുന്ന വരുമാനം ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും പ്രസ്തുത തുക ആ സ്ഥാപനത്തിന്റെ വികസനത്തിനായി ഉപയോഗിക്കേണ്ടതുമാണ്.

12. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ ഭാവിവികസനവും പൊതു സുരക്ഷയും മുൻനിർത്തി റോഡുകളുടെ വശങ്ങളിലുള്ള കെട്ടിട നിർമ്മാണങ്ങൾ പ്ലോട്ട് അതിർത്തിയിൽ നിന്നും നിശ്ചിത അകലം പാലിച്ചാണെന്ന് ഉറപ്പ് വരുത്തി മാത്രമേ കെട്ടിട നിർമ്മാണാനുമതിയും കെട്ടിട വിനിയോഗാനുമതിയും നൽകാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 220(ബി), 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 28 എന്നിവ എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

13. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 4 ചട്ടം 26 പ്രകാരം വെള്ളപ്പൊക്കത്തിന് സാധ്യതയുള്ള സ്ഥലത്തോ, വിലങ്ങനെ 45 ഡിഗ്രിയിൽ കൂടുതൽ കോണായി സ്ഥിതിചെയ്യുന്ന ചരിഞ്ഞ പ്രദേശങ്ങളിലോ, പരിസ്ഥിതി ലോല പ്രദേശങ്ങളിലോ, വെള്ളം വാർന്നു പോകാത്ത പ്രദേശങ്ങളിലോ ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയിലോ നിയത പഠന റിപ്പോർട്ടുകളിലോ വെള്ളപ്പൊക്ക സാധ്യതാ പ്രദേശമായി കാണിച്ചിട്ടുള്ള സ്ഥലങ്ങളിലോ കെട്ടിട നിർമ്മാണമോ പുനർനിർമ്മാണമോ നടത്തുന്നതിനുള്ള നിയന്ത്രണ നിബന്ധനകൾ വ്യക്തമാക്കിയിട്ടുള്ളത് 2018 ലെ പ്രളയ പ്രകൃതി ദുരന്ത സംഭവങ്ങളുടെ പശ്ചാത്തലത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും കർശനമായി പാലിക്കേണ്ടതാണ്.

14. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിലെ റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വിവിധ വ്യക്തികളും സ്ഥാപനങ്ങളും ഡ്രൈവർമാരുടെയും കാൽനടയാത്രക്കാരുടേയും കാഴ്ച മറയ്ക്കുന്ന രീതിയിലും സുഗമമായ യാത്ര തടസ്സപ്പെടുത്തുന്ന രീതിയിലും റോഡിലേയ്ക്ക് തള്ളി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യബോർഡുകളും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ നോട്ടീസ് നൽകേണ്ടതും ആയത് അനുസരിക്കാത്തവർക്കെതിരെ ഫൈൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് ആയത് നീക്കം ചെയ്യേണ്ടതുമാണ്.

15. ബഹു. കേരള ഹൈക്കോടതി മുമ്പാകെയുള്ള 22750/2018 നമ്പർ ഹർജിയിൻമേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ അനധികൃതമായും അപകടകരമായും സ്ഥാപിച്ചിരുന്ന പരസ്യ ബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ/കൊടികൾ എന്നിവ നീക്കം ചെയ്തിട്ടുണ്ട്. ഇവ നീക്കം ചെയ്ത സ്ഥലങ്ങളിൽ അനധികൃതമായി വീണ്ടും സ്ഥാപിക്കുകയാണെങ്കിൽ പരസ്യ ബോർഡിന്റെ വിശദാംശങ്ങൾ സഹിതം ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ക്ക് റിപ്പോർട്ട് നൽകി ആവശ്യമായ തുടർനടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ അനധികൃതമായും അപകടകരമായും പരസ്യ ബോർഡുകൾ/ഹോർഡിങ്ങുകൾ/ബാനറുകൾ/ കൊടികൾ തുടങ്ങിയവ സ്ഥാപിച്ചിട്ടില്ലെന്ന്/സ്ഥാപിക്കുന്നില്ലെന്ന് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും ഉറപ്പ് വരുത്തേണ്ടതാണ്.

16. ഗ്രാമ പഞ്ചായത്തുകളുടെ അധീനതയിലും നിയന്ത്രണത്തിലുമുള്ള ആസ്തികൾ സംരക്ഷിക്കേണ്ടത് സംബന്ധിച്ചും പൊതു സൗകര്യങ്ങളും സുരക്ഷയും ഏർപ്പെടുത്തേണ്ടത് സംബന്ധിച്ചും അടിയന്തിര വകുപ്പുതല മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് സൂചന 23 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും സൂചന 24 പ്രകാരം സർക്കാരും നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ സർക്കാർ തലത്തിലും വകുപ്പുതലത്തിലും പുറപ്പെടുവിച്ചിട്ടുള്ള സൂചന 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23

സർക്കുലറുകളിലെ നിർദ്ദേശങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരും കർശനമായി പാലിക്കേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് ഇത് സംബന്ധിച്ച് ഓരോ ഗ്രാമ പഞ്ചായത്തും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് 30.11.2018 നകം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ തല നടപടി റിപ്പോർട്ട് 05.12.2018 നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**എച്ച്. ദിനേശൻ ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
3. എല്ലാ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും
   (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന)
5. സിസ്റ്റം മാനേജർ, പഞ്ചായത്ത് വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഫയൽ/കരുതൽ/അധികം

അംഗീകാരത്തോടെ

സൂപ്രണ്ട്

സി.എസ് 07118